**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** | **23-01-2025 - ൽ മറുപടിയ്ക്ക്**

**ചൂരൽ മലയിലെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ചൂരൽമലയിലെ ഉരുൾപ്പൊട്ടലിനെ തുടർന്ന് സർവ്വവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>KIIFCON നെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് /എംപ്ലോയർ പ്രതിനിധിയായി നിയമിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും ഭാവിയിൽ ഒരുനില കൂടി നിർമ്മിക്കാൻ കഴിയുന്ന തരത്തിലുമായിരിക്കും കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിക്കുക. ടൗൺഷിപ്പിൽ അംഗൻവാടി, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യസംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ അടങ്ങുന്ന സമഗ്ര പുനരധിവാസ പദ്ധതിയാണ് നടപ്പാക്കുക. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ട ലിസ്റ്റിലും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാം ഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി ഒരുമിച്ച് പുനരധിവാസം നടപ്പാക്കും.<br><br>ഇതിനുപുറമെ നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടൗൺഷിപ്പ് പൂർത്തിയാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട് പുനർനിർമ്മാണ സമിതിയും, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രമുഖ സ്പോൺസർമാരും അടങ്ങുന്ന ഉപദേശകസമിതി, ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതിയും രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ